AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

**GRADE-7**

**പാഠം-2**

## മല്ലനും മലികനും

## QUESTION BANK

**I. അർത്ഥം കണ്ടെത്തി എഴുതുക**

1.മിത്രം - സുഹൃത്ത്

2.വിസ്മയം - അദ്ഭുതം

3.കുശാലായി തിന്നുക - നന്നായി ഭക്ഷിക്കുക

4.സ്വാദിഷ്ഠം - രുചികരം

**II. ശൈലിയുടെ പൊരുൾ എഴുതുക**

1.വട്ടത്തിലാവുക - കഷ്ടത്തിലാവുക

2.പല്ലുമുറിയെ തിന്നുക - നന്നായി ഭക്ഷിക്കുക

3.ഒറ്റിക്കൊടുക്കുക - കാണിച്ചുകൊടുക്കുക

4.കള്ളിപൊളിയുക - കള്ളത്തരം പുറത്തറിയുക

**III. എതിർപദം എഴുതുക**

1.കഠിനം x ലളിതം

2.പഴയ x പുതിയ

3.നന്മ x തിന്മ

4.സന്തോഷം x സന്താപം/സങ്കടം

**IV. ശരിയാക്കി എഴുതുക. വ്യത്യാസം ചർച്ച ചെയ്യുക**

I. നിങ്ങൾ / അവൻ / കാണണം

'എ' പ്രത്യയം ചേർത്ത് വാക്യങ്ങളാക്കുക

1.നിങ്ങളെ അവൻ കാണണം

2.നിങ്ങൾ അവനെ കാണണം

II. മൈനചേച്ചിയോട് പറഞ്ഞു - എന്ന വാക്യത്തിൽ മൈനയോട് പറഞ്ഞു എന്ന അർത്ഥം കിട്ടുന്നു.

മൈന ചേച്ചിയോട് പറഞ്ഞു - 'ച' ഇരട്ടിക്കാതെ വന്നപ്പോൾ മൈന മറ്റൊരാളോട് പറഞ്ഞു എന്ന് അർത്ഥം ലഭിച്ചു.

**V. വായിക്കാം കണ്ടെത്താം**

**1.ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ? അവരെ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?**

മല്ലനും മലികനും മുത്തശ്ശിയും.

കാട്ടുതീയിൽ നിന്നും രക്ഷപെട്ട് ഓടി നാട്ടിലെത്തിയതാണ് മല്ലനും മലികനും. നാട്ടിൽ വിശന്നുവലഞ്ഞു നടന്ന അവർക്ക് താമസിക്കാൻ ഒരിടവും ഭക്ഷണവും ജോലിയും നൽകിയത് കുഞ്ഞിമുത്തശ്ശിയാണ്. മല്ലൻ സത്യസന്ധനും അധ്വാനിയുമാണ് എന്നാൽ മലികൻ മടിയനും സൂത്രശാലിയുമാണ്.

**2."മലികാ, ഓടരുത്. നിൽക്ക്..." മലികൻ നിന്നിരുന്നെങ്കിൽ അവനു ലഭിച്ചേക്കാമായിരുന്ന സ്വീകരണം എന്തായിരിക്കും?**

മല്ലൻ മലികനോട് ഇങ്ങനെ പറഞ്ഞത് തീർച്ചയായും സ്നേഹം കൊണ്ടാണ്. കാരണം സ്നേഹനിധിയായ മല്ലൻ ഒരിക്കലും തന്റെ സുഹൃത്തിനെ ഒറ്റിക്കൊടുക്കില്ല. എന്നിരുന്നാലും മുത്തശ്ശിയെ പറ്റിച്ചതിനാൽ മലികന് ശിക്ഷ ലഭിക്കുമായിരിക്കും.

**3."സത്യം വിജയിക്കും,ചിലപ്പോൾ അവസാനമാകുമെന്ന് മാത്രം." മല്ലന്റെ ഈ വാക്കുകൾ കഥയിൽ എങ്ങനെ പ്രതിഫലിക്കുന്നു?**

കാട്ടുതീയിൽ നിന്നും രക്ഷപെട്ട് ഓടിവന്ന മല്ലനും മലികനും അഭയം നൽകിയത് കുഞ്ഞി മുത്തശ്ശിയാണ്.മുത്തശ്ശിയുടെ നിർദേശപ്രകാരം അവരിരുവരും മുത്തശ്ശിയുടെ കൃഷിഭൂമിയിലെ ജോലിക്കാരായി

മാറുന്നു. മല്ലൻ അധ്വാനിയും സത്യസന്ധനുമായിരുന്നു. എന്നാൽ മലികൻ മടിയനും സൂത്രശാലിയുമായിരുന്നു. മല്ലൻ അധ്വനിക്കുമ്പോൾ മലികൻ രാവിലെ മുതൽ വൈകീട്ടുവരെ തണലിൽ ഇരുന്ന് വിശ്രമിക്കും. വൈകുന്നേരമാകുമ്പോൾ ചെളിയിൽ കിടന്നു ഉരുണ്ട് അവശത അഭിനയിച്ച് വീട്ടിലേക്ക് പോകും. ഇതുകണ്ട മുത്തശ്ശി മലികൻ അധ്വാനിയാണെന്നും മല്ലൻ മടിയനാണെന്നും തെറ്റിദ്ധരിക്കുന്നു. എങ്കിലും സത്യാവസ്ഥ മുത്തശ്ശിയെ ബോധ്യപ്പെടുത്താൻ മല്ലൻ ശ്രമിക്കുന്നില്ല. എന്നെങ്കിലും ഒരിക്കൽ മുത്തശ്ശി സത്യം തിരിച്ചറിയും എന്ന് മല്ലൻ പ്രത്യാശിക്കുന്നു. കഥാന്ത്യത്തിൽ മുത്തശ്ശി സത്യം തിരിച്ചറിയുകയും മല്ലനെ തെറ്റിദ്ധരിച്ചതിൽ വേദനിക്കുകയും ചെയ്യുന്നു.

## VI. ഉത്തരം കണ്ടെത്തുക

**1.മല്ലനും മലികനും കാട് വിട്ട് ഓടിപോകാനുള്ള കാരണം എന്ത്?**

കാട്ടുതീ

**2.മല്ലനും മലികനും ആശ്രയം നൽകിയത് ആര്?**

കുഞ്ഞിമുത്തശ്ശി

**3.മല്ലനും മലികനും ഏത് മൃഗങ്ങളാണ്?**

മല്ലൻ - പന്നി

മലികൻ - കുറുക്കൻ

**4."മല്ലാ, എന്തൊരു മടിയനാണ് നിന്റെ ചങ്ങാതി. നീ എല്ലുമുറിയെ പണിയെടുക്കുന്നു. പല്ലുമുറിയെ തിന്നുന്നത് നിന്റെ മിത്രം മല്ലനോട് ഇങ്ങനെ പറഞ്ഞത് ആര്?**

മഞ്ഞക്കിളി

**5.മലികൻ എങ്ങോട്ടേക്കാണ് ഓടിയത്?**

കിഴക്കൻ കുന്നിലേക്ക്